**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2610** **05/11/2019 ൽ മറുപടിക്ക്**

**ഗുരുവായൂർ ക്ഷേത്രത്തിലെ തുലാഭാര കരാർ**

**ചോദ്യം** **മറുപടി**

**ശ്രീ.വി.പി.സജീന്ദ്രൻ** **കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഗുരുവായൂർ ക്ഷേത്രത്തിലെ തുലാഭാര കരാർ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കരാർ എന്നാണ് പുതുക്കി നൽകിയതെന്നും, ആർക്കാണ് നൽകിയതെന്നും അറിയിക്കാമോ; എത്ര രൂപയ്ക്കാണ് പ്രസ്തുത കരാർ പുതുക്കി നൽകിയതെന്ന് വെളിപ്പെടുത്താമോ; | (ബി) | 04/10/2019 മുതൽ 03/10/2020 വരെ കരാർ പുതുക്കി നൽകിയിട്ടുണ്ട്. ശ്രീ. കെ.എസ്. മോഹനൻ, കോടത്തൂർ ഹൗസ്, തൈക്കാട് പി.ഒ., ഗുരുവായൂർ എന്നയാളിന് 19,00,091/- രൂപയ്ക്കാണ് കരാർ പുതുക്കി നൽകിയത്. |
| (സി) | ദേവസ്വം ബോർഡിൽ ആവശ്യത്തിന് ജീവനക്കാരുള്ളപ്പോൾ അവർ മുഖേന തുലാഭാരം നടത്താതെ പുറം കരാർ നൽകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | തുലാഭാരം വഴിപാട്ട നടത്തിനൽകുന്നത് ദേവസ്വം തന്നെയാണ്. തുലാഭാരത്തിനാവശ്യമായ സാധനസാമഗ്രികൾ യഥാസമയം എത്തിക്കുന്നതിനും, തുലാഭാരം തൂക്കിനൽകുന്ന പ്രവർത്തികൾക്കുമാണ് കരാർ നൽകുന്നത്. ആയതിനാവശ്യമായ ജീവനക്കാരെ ദേവസ്വം നിയോഗിച്ചിട്ടില്ലാത്തതുമാണ്. |
| (ഡി) | തുലാഭാരത്തിന് ദേവസ്വം രസീതിന് പുറമെ തട്ടിൽ പണമായി നൂറു രൂപ ഭക്തരിൽ നിന്നും വാങ്ങുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | സാധനവിലയും തട്ടിൽപണം 100/- രൂപയും ചേർത്തുള്ള രശീതിയാണ് നൽകുന്നത്. |

| | | | |
|---|---|---|---|
| (ഇ) | ദേവസ്വത്തിന് നൽകുന്ന തുകയ്ക്ക് പുറമെ കരാറുകാർ നിർബന്ധപൂർവ്വം പണം ഈടാക്കുന്നുവെന്ന ആക്ഷേപം പരിശോധിക്കുമോ? | (ഇ) | ദേവസ്വത്തിന് നൽകുന്ന തുകയ്ക്ക് പുറമെ പണം ഈടാക്കരുതെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ഭക്തജനങ്ങളുടെ അറിവിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ